LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിലെ വികസന പ്രവർത്തികൾ

30(*90) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ വികസന പ്രവർത്തികൾ നടത്തുന്നതിന് നിലവിലുണ്ടായിരുന്ന കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്?

വനംവകുപ്പിൽ വികസന പ്രവർത്തികൾ നടത്തുന്നതിന് നിലവിലുണ്ടായിരുന്ന കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. തൊഴിലാളിക്ഷാമവും, വേതനഘടനയിലുണ്ടായ ഭീമമായ വർദ്ധനവുംകാരണം കൺവീനർ വ്യവസ്ഥപ്രകാരം കാര്യക്ഷമതയോടെ നിർദ്ദിഷ്ട പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്നതും വനസംബന്ധമായ ജോലികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ സൂതാര്യത കൈവരുത്തുന്നതിനുമായാണ് കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നത്.

(ബി) ഈ സംവിധാനം നിലവിൽ വന്നശേഷം എസ്റ്റിമേറ്റ് തുകയേക്കാൾ ഏഴ് മുതൽ പത്ത് ശതമാനം വരെ വർദ്ധനവ് വരുത്തിയാണ് കരാർ നൽകുന്നത് എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ?

ഈ സംവിധാനം നിലവിൽ വന്നശേഷം എല്ലാ കരാറുകൾക്കും ഈ വർദ്ധന ഉണ്ടാകുന്നില്ല. നിലവിൽ ഫോറസ്ട്രി ജോലികൾക്കായുള്ള അടങ്കൽ ഫോറസ്ട്രി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (എഫ്.എസ്.ആർ.) പ്രകാരം തയ്യാറാക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ 10% കോൺടാക്ടേഴ്സ് പ്രോഫിറ്റ് കൂടി ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ, ടെണ്ടറിൽ അടങ്കൽ നിരക്കിനേക്കാൾ കൂടിയും കുറഞ്ഞും ക്വാട്ട് ചെയ്യുന്നുണ്ട്. പൊതുവിൽ 40% കുറവു മുതൽ 10% അധികം വരെ നിരക്കുകളിൽ ജോലികൾക്ക് കരാർ നൽകാറുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകൽ

1(504) ശ്രീ. സണ്ണി ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുവാൻ 2016 മുതൽ 2021 വരെയുള്ള ബഡ്ജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി വീട് ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2016 മുതൽ 2021 വരെയുള്ള ബഡ്ജറ്റിൽ ഓരോ വർഷവും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	ബഡ്ജറ്റിൽ അനുവദിച്ച തുക (കോടി)
2016- 17	42
2017-18	50
2018-19	30
2019-20	55
2020-21	55

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങി എന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തു എന്നും ജില്ല തിരിച്ചു വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നേരിട്ട് ഭൂമി വാങ്ങി നൽകിയിരുന്ന പദ്ധതിയിലൂടെയും നിലവിൽ ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയുടെയും ആയത് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

എസ്.സി. ലൈഫ് മിഷൻ പദ്ധതി

2(505) ശ്രീ. യു. എ. ലത്തീഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഉള്ളത്?

ലൈഫ് മിഷൻ ലിസ്റ്റിന്റെയും വകുപ്പു തയ്യാറാക്കിയിട്ടുള്ള അഡീഷണൽ ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ് :

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.